# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

# AMLP SCHOOL KLARI SOUTH

**VENGARA SUB DIST. EDARIKODE PO**

amlpsklarisouth@gmail.com

9995 947 227

# ആമുഖം

സർക്കാർ തലത്തിൽ പൊതുജന പിന്തുണയോടെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിക്കുന്നതിനും വർഷങ്ങൾക്കു മുമ്പ് തന്നെ പൊതുസമൂഹത്തിന്റെ പിന്തുണയോടെ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള വിദ്യാലയമാണ് ക്ലാരി സൗത്ത് എ എം എൽ പി സ്കൂൾ.

ഒരു എയ്ഡഡ് വിദ്യാലയം എന്ന നിലയിലുള്ള പരിമിതികൾ ഒരു പരിധിവരെ മറികടക്കാൻ മാനേജ്മെൻറ്, അധ്യാപകർ, രക്ഷിതാക്കൾ, പൂർവ വിദ്യാർത്ഥികൾ എന്നിവർ ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഥമ പരിഗണനാ വിഷയമായ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. മികച്ച അക്കാദമിക പദ്ധതികൾ നടപ്പിലാക്കാനും അതിലൂടെ പ്രാദേശികമായ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാനും കഴിഞ്ഞാൽ മാത്രമേ നാം കൈവരിച്ച നേട്ടങ്ങൾ അർത്ഥപൂർണ്ണമാകൂ

## നേട്ടങ്ങൾ .

- **അക്കാദമികം**

- ഓരോ വർഷവും എൽ എസ് എസ് വിജയികൾ.

- വർഷം തോറും വർദ്ധിക്കുന്ന സ്കൂൾ പ്രവേശനം.

- **ഭൗതികം**

- പൊതുജന പങ്കാളിത്തത്തോടെ മികച്ച ലൈബ്രറി കെട്ടിടം

- ഇന്റർലോക്ക് ചെയ്ത മുറ്റം.

- ദൃശ്യ- ശ്രാവ്യ സൗകര്യമുള്ള മികച്ച ക്ലാസ് മുറികൾ.

- ആകർഷകമായ കലാ സൃഷ്ടികളാൽ ആലേഖനം ചെയ്ത ചുറ്റുമതിൽ.

- **സാമൂഹികം**

- രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സജീവ പങ്കാളിത്തം.

- സാമൂഹിക- സാംസ്കാരിക-രാഷ്ട്രീയ സംഘങ്ങളുടെ സ്ഥിര സാന്നിദ്ധ്യം.

## പരിമിതികൾ

- പഠന പിന്തുണാ സംവിധാനത്തിന്റെ കുറവ്.

- പ്രാദേശികമായ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ.

- വായനാസാമഗ്രികളുടെ അപര്യാപ്തത.

- ലാബ് സൗകര്യം ഇല്ല.

- കളിസ്ഥലം ഇല്ല.

- ഭക്ഷണ ഹാളില്ല.

- കുട്ടികളുടെ വർദ്ധനവിന് അനുസരിച്ച് പുതിയ ക്ലാസ് റൂമുകൾ ആവശ്യമാണ്.

## ലക്ഷ്യം

- പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം വിദ്യാലയത്തിലേക്ക് എത്തിക്കുക.

- അക്കാദമിക മികവ് ഉയർത്തൽ.

- മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ നിലനിർത്തുക, വികസിപ്പിക്കുക.

- പൊതുസമൂഹത്തെ വിദ്യാലയവുമായി കൂടുതൽ  അടുപ്പിക്കുക.

**ഭൗതിക സൗകര്യം - വിശകലനം.**

നിലവിലുള്ള കെട്ടിടങ്ങൾ മെച്ചപ്പെട്ട രീതിയിൽ സംവിധാനിച്ചിട്ടുണ്ട്. വൈദ്യുതീകരണം ഫ്ലോറി ടൈൽ ഇടൽ മുറ്റം ഇന്റർലോക്കിംഗ് ഡിജിറ്റൽ ടിവി സ്ഥാപിക്കൽ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ വിദ്യാലയത്തിലെ പിൻവശത്തെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയേണ്ടതുണ്ട്. ഒന്നു മുതൽ അഞ്ചു വരെയുള്ള എല്ലാ ക്ലാസുകളിലും രണ്ട് ഡിവിഷൻ വീതം ഉണ്ടായിരുന്നു. എന്നാൽ നിലവിൽ ഒന്ന് രണ്ട് ക്ലാസുകൾ മൂന്നുവിധം ഡിവിഷനുകളായി വർധിച്ചിട്ടുണ്ട്. ഡിവിഷൻ കൂടുതൽ വരുന്ന സാഹചര്യത്തിൽ കൂടുതൽ ക്ലാസ് റൂമുകൾ നിർമിക്കണം. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ഡൈനിങ് ഹാൾ, കായിക പരിശീലന സൗകര്യം എന്നിവയും വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

**അക്കാദമിക സൗകര്യം - വിശകലനം.**

- സബ് ജില്ലയിലെ മികച്ച അക്കാദമിക നിലവാരം പുലർത്തുന്നവിദ്യാലയങ്ങളിൽ ഒന്നായി മാറാൻ ഇതിനകം വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.
- പൊതുസമൂഹവുമായി വിദ്യാലയത്തിന്റെ ബന്ധം മെച്ചപ്പെടുത്താനും അഡ്മിഷൻ വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.
- അദ്ധ്യായന സമയങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്താനും കുട്ടികളുടെ പ്രസന്റ് വർദ്ധിപ്പിക്കാനും സാധിച്ചു.
- എൽഎസ്എസ് ഉൾപ്പെടെയുള്ള മത്സര പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവെക്കാനും വിദ്യാലയത്തിന് കഴിയുന്നു.
- എന്നാൽ എല്ലാ കുട്ടികളിലും പഠന നേട്ടം കൈവരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കൂടുതൽ ഗവേഷണാത്മകമായ ഗവേഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്

**ഭീഷണികൾ.**

- സാമുദായികമായ സ്വകാര്യ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും അവയോടുള്ള രക്ഷിതാക്കളുടെ ആഭിമുഖ്യവും.
- സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്ന സാമ്പത്തിക വികസന പിന്തുണ, എയ്ഡഡ് സ്കൂളുകൾക്ക് ലഭ്യമാകാത്ത അവസ്ഥ.

**വിദ്യാലയ വികസന കാഴ്ചപ്പാട്**

- പൊതു സമൂഹ പിന്തുണയോടെ വിദ്യാലയം നേടിയിട്ടുള്ള വികസന മാതൃകകൾ നിലനിർത്താനും കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്നതോടൊപ്പം അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മുഴുവൻ കുട്ടികളെയും പഠന നേട്ടം ഉറപ്പുവരുത്തുന്ന പ്രാദേശിക സമൂഹത്തിന്റെ പൊതു ഇടമായി വിദ്യാലയത്തെ നിലനിർത്തുക.

# തനത് പ്രവർത്തനം

പാഠം ഒന്ന്, കൃഷിയാണു ജീവൻ.

മഖല : അക്കാദമികം

ഉപമേഖല : കൃഷി

## പ്രശ്നം:

- കുട്ടികൾക്ക് ആഹാര സുരക്ഷിതത്വമില്ല
- വീടുകളിൽ കൃഷി കുറഞ്ഞപ്പോൾ കുട്ടികൾക്ക് പോഷകാഹാരം ലഭിക്കാൻ ബുദ്ധിമുട്ടുന്നു.
- പ്രകൃതിബന്ധം നഷ്ടപ്പെടുന്നു.
- ജീവിത പാഠങ്ങൾ നഷ്ടപ്പെടുന്നു
- കുട്ടികൾ വളരുമ്പോഴേക്കും ഡിപ്രഷനുകളിലേക്ക് വഴുതുന്നു.
- ജീവിതം ലഹരിയായി മാറാത്തതിനാൽ സിന്തറ്റിക് ലഹരികൾ തേടി പോകുന്നു.

## പരിഹാര മാർഗങ്ങൾ

- വിദ്യാലയത്തിൽ കൃഷി ക്ലബ്ബുകൾ തുടങ്ങുക
- കുട്ടികളെ സ്കൂൾ തോട്ടത്തിൽ കൃഷിയിൽ പങ്കെടുപ്പിക്കുക
- കർഷകരെ സ്കൂളിൽ ക്ഷണിച്ച് അനുഭവങ്ങൾ പങ്ക് വെയ്ക്കുക
- കൃഷിയെ കുറിച്ച് കുട്ടികളിലും രക്ഷിതാക്കളിലും അവ ബോധം ഉ്ാക്കുക

## ലക്ഷ്യങ്ങൾ:

- സ്കൂളിലൊരു കൃഷിത്തോട്ടം
- ഉച്ചഭക്ഷണത്തിന് സ്കൂൾ തോട്ടത്തിൽ നിന്ന് ഒരിനം
- ഓരോ വീട്ടിലും ഒരു കുഞ്ഞു അടുക്കളത്തോട്ടം
- കൃഷിയെ കുറിച്ച് ബോധ്യമുള്ള സമൂഹം

## പ്രവർത്തനം:

ഘട്ടങ്ങൾ

1 കൃഷി ഓഫീസറുടെ ക്ലാസ്

2 അഭിമുഖം

3 കൃഷി സർവേ

4 CPTA കളിൽ പദ്ധതി അവതരണം

5 കൃഷി ക്ലബ്ബ് രൂപീകരണം (കുട്ടികൾ/രക്ഷിതാക്കൾ)

6. തനത് പ്രവർത്തന പ്രഖ്യാപനം

7 വിത്ത് ശേഖരണം

8 കൃഷി ആസൂത്രണം

9 സ്കൂൾ കൃഷി ഡയറി (ഓരോ കുട്ടിക്കും)

10 കൃഷി വിജ്ഞാന ക്വിസ്

11 കർഷക സന്ദർശനം

12 ചുടു ഭക്ഷണ പദ്ധതി (നമ്മൾ കൃഷി ചെയ്ത ഒരു വിഭവം)

13 കാർഷിക ഉപകരണങ്ങൾ പരിചയപ്പെടുത്തൽ (പ്രദർശനം )

14 കൃഷിയാത്രകൾ

15. കൃഷി ശിൽപശാല

16. കുഞ്ഞു തോട്ട സന്ദർശനം

17. കൃഷി ഡോക്യുമെന്റേഷൻ

18. കർഷക അവാർഡ്

19. കൃഷിയുത്സവ്

## കൃഷിയുത്സവ്

1. ആസൂത്രണം
2. സ്വാഗത സംഘം
3. പ്രാദേശിക സ്വാഗത സംഘം
4. പബ്ലിസിറ്റി
5. വിളവ് പ്രദർശനം
6. കൃഷി ഡയറി പ്രദർശനം
7. തോട്ടത്തിൽ നിന്നൊരിനം ഉൾപ്പെടുത്തി ഭക്ഷണ പ്രദർശനം
8. കർഷക അവാർഡ് (കുട്ടി കർഷകൻ)
9. യുവ കർഷകരെ ആദരിക്കൽ
10. പ്രായം ചെന്ന കർഷകരെ ആദരിക്കൽ
11. കർഷകരുടെ അനുഭവം പങ്കുവെയ്ക്കൽ
12. കൃഷി പ്രതിഭകൾക്ക് ബഹുമതി
13. ക്വിസ് വിജയികൾക്ക് സമ്മാനം
14. പച്ചക്കറി കലാസൃഷ്ടികൾ
15. കൃഷിഗീതങ്ങൾ, നാടകം

## നേട്ടങ്ങൾ

- കൃഷിയെ കുറിച്ച് വ്യക്തമായ അറിവ്
- സംരക്ഷണ ബോധവും ഉത്തരവാദിത്വവും
- കുടുംബത്തിലും നാട്ടിലും കൃഷിക്ക് ഉത്സാഹം പകരാൻ കഴിയുന്ന വിദ്യാർഥികൾ
- കർഷകർക്ക് മാന്യമായ അംഗീകാരം